സുപ്രഭാതം 20 June 2023

# ചെമ്മീൻ, കണവ കയറ്റുമതി: സുസ്ഥിരത മെച്ചപ്പെടുത്തും

കൊച്ചി • സീഫുഡ് കയറ്റുമതിയിൽ നേട്ടം കൊയ്യാൻ കേരള തീരത്ത് നിന്നും പിടിക്കുന്ന മത്സ്യ സമ്പത്തിന്റെ സുസ്ഥിരത മെച്ചപ്പെടുത്താനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ട്രോൾവല ഉപയോഗിച്ചു സംസ്ഥാനത്തുനിന്നും പിടിക്കുന്ന 11 ഇനം ചെമ്മീൻ, കണവ, കൂന്തൽ വിഭവങ്ങൾ സുസ്ഥിരമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള ശാസ്ത്രീയ അടിത്തറയൊരുക്കുന്നതിന് സി.എം.എഫ്.ആർ.ഐ മുൻകൈയെടുക്കും. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അഭ്യർത്ഥനപ്രകാരമാണിത്.